## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3037 | 18.10.2016 - ൽ മറുപടിയ്ക്ക് |
|---|---|

### വിൽപന നികതി പ്രാക്ടീഷണർമാർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ഡോ.എൻ. ജയരാജ് | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | വിൽപന നികുതിയുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ വ്യാപാര സ്ഥാപനങ്ങൾക്കുവേണ്ടി തയാറാക്കുന്നതിന് അംഗീകൃത യോഗ്യതയുള്ളവർ ആരെയൊക്കെയാണ്; ഏതു ചട്ട പ്രകാരമാണ് ഇവർക്ക് അംഗീകാരം നൽകുന്നത്; | (എ) | കേരള മൂല്യ വർദ്ധിത നികുതി നിയമത്തിലെ വകുപ്പ് 86 ഉം അനുബന്ധചട്ടം 97 പ്രകാരവും ടി നിയമവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾക്ക് ഹൈക്കോടതി ഒഴികെ മറ്റ് അധികാരി മുമ്പാകെ താഴെ സൂചിപ്പിച്ചിരിക്കുന്നവർക്ക് വ്യാപാരിയെ പ്രതിനിധാനം ചെയ്യാവുന്നതാണ്.<br>(എ) വ്യാപാരിയുടെ ബന്ധുവോ അയാൾ ജോലിക്ക് നിയമിച്ച വ്യക്തിയോ ഇക്കാര്യത്തിനായി ഇവരെ ഫോറം നം. 27 പ്രകാരം അധികാരപ്പെടുത്തിയിരിക്കണം .<br>(ബി) ലീഗൽ പ്രാക്ടീഷ്ണർ<br>(സി) ഫോറം നം. 27 ൽ വ്യാപാരി അധികാരപ്പെടുത്തിയ ചാർട്ടേഡ് അക്കൗണ്ടന്റ്, കോസ്റ്റ് അക്കൗണ്ടന്റ്<br>(ഡി) ഫോറം നം. 27 ൽ വ്യാപാരി അധികാരപ്പെടുത്തിയ നിശ്ചിത യോഗ്യതയുള്ള സെയിൽസ് ടാക്സ് പ്രാക്ടീഷ്ണർ<br>(ഇ) കമ്പനി സെക്രട്ടറീസ് നിയമം അനുസരിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇൻഡ്യയിലെ മെമ്പർ |
| (ബി) | ഇവർക്ക് അംഗീകാരം നൽകുന്നതിനായി വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ സംബന്ധിച്ചുള്ള മാനദണ്ഡങ്ങളും അവർക്ക് രജിസ്ട്രേഷൻ സംവിധാനം | (ബി) | വ്യാപാരിയെ പ്രതിനിധാനം ചെയ്യുന്ന ചാർട്ടേഡ് അക്കൗണ്ടന്റ്, കോസ്റ്റ് അക്കൗണ്ടന്റ്, സെയിൽസ് ടാക്സ് പ്രാക്ടീഷ്ണർ എന്നിവർക്ക് കേരള മൂല്യ വർദ്ധിത നികതി ചട്ടങ്ങളിലെ 97-ാം |

| | | | |
|---|---|---|---|
| | നിലവിലുണ്ടോയെന്നും വിശദമാക്കാമോ; | | ചട്ടപ്രകാരം താഴെ സൂചിപ്പിച്ചിരിക്കുന്ന യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ട്.<br>(എ) 1949 ലെ ചാർട്ടേഡ് അക്കൗണ്ടന്റ് നിയമത്തിൽ നിർവ്വചിച്ചിരിക്കുന്ന പ്രകാരമുള്ള ചാർട്ടേഡ് അക്കൗണ്ടന്റ്<br>(ബി) കോസ്റ്റ് ആന്റ് വർക്സ് അക്കൗണ്ടൻസ് നിയമം 1959 ൽ നിർവ്വചിച്ചിരിക്കുന്ന പ്രകാരമുള്ള കോസ്റ്റ് അക്കൗണ്ടന്റ്.<br>(സി) ഫോറം നം. 28A യിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ളതും താഴെ സൂചിപ്പിച്ചിരിക്കുന്ന യോഗ്യതയുള്ളവരും ആയ വ്യക്തികൾക്കുമാത്രമേ സെയിൽസ് ടാക്സ് പ്രാക്ടീഷണറായി വ്യാപാരിക്കുവേണ്ടി ഹാജരാകാൻ യോഗ്യതയുള്ളൂ.<br>(i) ആദായനികുതി നിയമത്തിലെ വകുപ്പ് 288 (2) (v) ലേക്കായി ആദായ നികുതി ചട്ടം 1962 ലെ ചട്ടം 50 പ്രകാരം സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസ് അംഗീകരിച്ച അക്കൗണ്ടൻസി പരീക്ഷ പാസ്സായവർ.<br>(ii) ആദായനികുതി ചട്ടം 1962 ലെ ചട്ടം 51 പ്രകാരം സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസ് നിർദ്ദേശിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർ<br>(iii) കേരള പൊതു വില്പന നികുതി ചട്ടം 1960 ലെ ചട്ടം 60 പ്രകാരം എൻറോൾ ചെയ്തിട്ടുള്ള സെയിൽസ് ടാക്സ് പ്രാക്ടീഷ്ണർ<br>(iv) കേരള വാണിജ്യ നികുതി വകുപ്പിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥർ. ഇവർക്ക് നികുതി നിർണ്ണയാധികാരിയായി കുറഞ്ഞത് 3 വർഷത്തെ പരിചയവും വിരമിച്ചതിനുശേഷം 2 വർഷവും കഴിഞ്ഞിരിക്കണം.<br>(v) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ നൽകുന്ന |

| | | | |
|---|---|---|---|
| | | | പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ ഇൻ സെയിൽസ് ടാക്സേഷനോ ഡിപ്ലോമ ഇൻ സെയിൽസ് ടാക്സേഷനോ പാസ്സായവർ .<br>ഡെപ്യൂട്ടി കമ്മീഷ്ണർമാർ നിലനിർത്തിപോരുന്ന ഫോറം നം. 28 A പ്രകാരമുള്ള ലിസ്റ്റിൽ മേല്പറഞ്ഞ യോഗ്യതയുള്ള സെയിൽസ് ടാക്സ് പ്രാക്ടീഷ്ണർമാർ തങ്ങളുടെ പേര് ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതിനായി അവർ ഫോറം നം.28 ൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ ( GIFT) നൽകുന്ന പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമ ഇൻ സെയിൽസ് ടാക്സേഷനോ ഡിപ്ലോമ ഇൻ സെയിൽസ് ടാക്സേഷനോ പാസ്സായവർ, GIFT നൽകുന്ന ഫോട്ടോ ഐഡന്റിന്റി കാർഡ് നേടേണ്ടതും അത് കാലാകാലങ്ങളിൽ പുതുക്കേണ്ടതുമാണ്. ഇപ്രകാരം സാധുവായ ഐഡന്റിന്റി കാർഡ് ഇല്ലാത്ത പക്ഷം ഫോറം നം. 28 A പ്രകാരമുള്ള ലിസ്റ്റിൽ നിന്നും അത്തരക്കാരുടെ പേര് നീക്കപ്പെടുന്നതായിരിക്കും. |
| (സി) | കേന്ദ്രസർക്കാർ അംഗീകരിച്ച ജി.എസ്.ടി. സംവിധാനത്തിൽ നിലവിലുള്ള രജിസ്റ്റേർഡ് പ്രാക്ടീഷണർമാർക്ക് അക്കൗണ്ടുകൾ തയാറാക്കാൻ അംഗീകാരമുണ്ടോ; | (സി) & (ഡി) | മാതൃകാ ജി. എസ്. ടി നിയമത്തിലെ വകുപ്പ് 34 പ്രകാരം അതാത് സർക്കാരുകൾക്ക് അക്കൗണ്ടുകളും മറ്റും തയ്യാറാക്കുന്നതിലേക്കായി ടാക്സ് റിട്ടേൺ പ്രിപയറേഴ്സ് എന്ന ആളുകളെ നിശ്ചയിക്കുന്നതിനും അവരുടെ യോഗ്യതകളും മറ്റും നിശ്ചയിക്കുന്നതിനുമുള്ള അധികാരം നൽകിയിട്ടുണ്ട് . ജി. എസ്. ടി നിയമം അന്തിമരൂപത്തിലായാൽ മാത്രമേ തുടർ നടപടികൾ സാധിക്കുകയുള്ളൂ. |
| (ഡി) | ഇല്ലായെങ്കിൽ ഈ വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അവരെയും ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | | |

**സെക്ഷൻ ഓഫീസർ**